ശബരിമലയിലേക്ക് പുതിയ പാത

38 [2340] ശ്രീ. രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിലിൽനിന്നും കോന്നി, സീതത്തോട് വഴി ശബരിമലയിലേക്ക് പുതിയ പാത നിർമ്മിക്കുന്നതിനായി സർക്കാർ സർവ്വേ നടത്തിയിരുന്നോ;

(ബി) ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) തമിഴ്നാട്ടിൽ നിന്നും ശബരിമലയിലേക്ക് വരുന്ന തീർത്ഥാടകർക്ക് കീലോമീറ്ററുകൾ ലഭിക്കാനുതകുന്ന ഈ റോഡ് അടിയന്തിരമായി നിർമ്മാണം നടത്തി തുറന്നു കൊടുക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശബരിമലയിലേക്ക് പുതിയ പാത നിർമ്മിക്കുന്നതിനു വേണ്ടി സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ട്.

(ബി) സാദ്ധ്യതാ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രായോഗികമാണെന്നാണ് നിഗമനം. താഴെ പറയുന്ന റൂട്ടുകളാണ് പ്രധാനമായും വികസിപ്പിക്കുവാനായി നിർദ്ദേശിച്ചിട്ടുള്ളത്:

1. അച്ചൻകോവിൽ–നിലയ്ക്കാവു–ചിറ്റാർതുറ–മണ്ണാറപ്പാറ–കല്ലേലി–തണ്ണിത്തോടു സീതത്തോട്–ആങ്കാമൂഴി പ്ലാപ്പള്ളി.

2. കൈപ്പട്ടൂർ–മണ്ണാറപ്പാറ റോഡ് (വഴി) പുതുമല തേപ്പുപാറ–കലഞ്ഞൂർപ്പാടം

3. കടമ്പനാട് തേപ്പുപാറ റോഡ് (വഴി) പ്ലാന്റേഷൻ ജംഗ്ഷൻ, നെല്ലിമൂട്ടിൽപടി, ഏഴാകുളം തേപ്പുപാറ.

4. പ്ലാപ്പള്ളി വണ്ടിപ്പെരിയാർ റോഡ്.

5. വടശ്ശേരിക്കര ചിറ്റാർ റോഡ് (വഴി) പെഴുംപാറ കരിംപയം.

(സി) മൊത്തം 237 കി. മീ. ദൈർഘ്യമുള്ള മേൽപ്പറഞ്ഞ റോഡുകൾക്ക് ഏതാണ്ട് 57 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. നബാർഡിൽ നിന്നും ധനസഹായം ലഭ്യമാക്കുവാനും ശ്രമങ്ങൾ നടത്തുന്നുണ്ട്. പ്രോജക്ട് റിപ്പോർട്ട് അയച്ചുകൊടുത്തിട്ടുണ്ട്. ധനസഹായം ലഭ്യമാക്കി ഘട്ടം ഘട്ടമായി പണികൾ ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്.

വലിയ പാമ്പ പാലം നിർമ്മിക്കുന്നതിന് നടപടി

39 [2341] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വലിയ പാമ്പ പാലം നിർമ്മിക്കുന്നതിന് ഇതുവരെയായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പാലത്തിന്റെ എസ്റ്റിമേറ്റ് എത്രയാണ്;

(സി) എത്ര കോടി രൂപയ്ക്കാണ് ടെണ്ടറാണ് അനുമതി നൽകിയത്;

(ഡി) ബാക്കി തുകയ്ക്ക് അഡീഷണലായി ടെണ്ടറുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly